ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 25.08.2025** | പ്രധാന വാർത്തകൾ | **TIME : 07.25**

1. പ്രധാനമന്ത്രി നരേന്ദ്ര മോദി ഫിജി പ്രധാനമന്ത്രി സിറ്റിവേനി റബൂക്കയുമായി ഇന്ന് ഉഭയകക്ഷി ചർച്ച നടത്തും. രാഷ്ട്രപതി ദ്രൗപദി മുർമുവിനെയും ഫിജി പ്രധാനമന്ത്രി സന്ദർശിക്കും.

**PM Modi to Hold Bilateral Talks with Fiji PM Sitiveni Rabuka; Fijian PM will also visit President Droupadi Murmu.**

2. ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിൽ നാമനിർദേശ പത്രിക പിൻവലിക്കാനുള്ള സമയപരിധി ഇന്ന് അവസാനിക്കും.

**The deadline to withdraw nominations for the Vice Presidential election ends today.**

3. കേരളത്തിൽ, സപ്ലൈകോ ഓണം ഫെയറിന്റെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് നിർവഹിക്കും.

**In Kerala, CM Pinarayi Vijayan to Inaugurate State-Level Supplyco Onam Fair Today.**

4. നേത്രദാനം പ്രോത്സാഹിപ്പിക്കുന്നത് ലക്ഷ്യമിട്ട് ദേശീയ നേത്രദാന പക്ഷാചരണത്തിന് ഇന്ന് തുടക്കം.

**National Eye Donation Fortnight Begins Today to Promote Eye Donation Awareness.**

5. രാജ്യത്തെ വടക്കു പടിഞ്ഞാറൻ മേഖലയിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.

**IMD Forecasts Heavy Rainfall Over Northwest India.**

6. ലോക യൂത്ത് ആർച്ചറി ചാമ്പ്യൻഷിപ്പ് വനിതാ റീകർവ് വിഭാഗത്തിൽ ഇന്ത്യയുടെ ഷർവാരി സോമനാഥ് ഷെൻഡെയ്ക്ക് സ്വർണം.

**India's Sharvari Somanath Shende Wins Gold in Women's Recurve at World Youth Archery Championship.**

&&&&&&&&&&&&&&&&&&

## FIJI PM – INDIA VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദി ഫിജി പ്രധാനമന്ത്രി സിറ്റിവേനി റബൂക്കയുമായി ഇന്ന് ഉഭയകക്ഷി ചർച്ച നടത്തും. മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ഇന്നലെയാണ് റബൂക്ക ഇന്ത്യയിലെത്തിയത്. പത്നി സുലേറ്റി റബൂക്കയും, ഫിജി ആരോഗ്യമന്ത്രിയും അദ്ദേഹത്തോടൊപ്പമുണ്ട്. ഇന്നലെ

കേന്ദ്ര മന്ത്രി ജെ പി നഡ്ഡയുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തിയിരുന്നു. രാഷ്ട്രപതി ദ്രൗപദി മുർമ്മുവുമായും ഫിജി പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തും. ദീർഘനാളത്തെ ഇന്ത്യ-ഫിജി ബന്ധം ശക്തിപ്പെടുത്താൻ ഫിജി പ്രധാനമന്ത്രിയുടെ സന്ദർശനം സഹായകമാകുമെന്നാണ് വിലയിരുത്തൽ.

&&&&&&&&&&&&&&&&&&

## PM - GUJARAT

രണ്ടു ദിവസത്തെ സന്ദർശനത്തിനായി പ്രധാനമന്ത്രി ഇന്ന് ഗുജറാത്തിലെത്തും. വിവിധ മേഖലകളിലായി 5400 കോടിയിലധികം രൂപയുടെ വികസന പദ്ധതികളുടെ ഉദ്ഘാടനം അദ്ദേഹം നിർവഹിക്കും. നാളെ ഹൻസൽപുരിൽ നടക്കുന്ന പരിപാടിയിൽ 100 രാജ്യങ്ങളിലേക്കുള്ള ഇലക്ട്രിക് വാഹന കയറ്റുമതി ശ്രീ മോദി ഉദ്ഘാടനം ചെയ്യും. ഹരിതോർജ്ജ മേഖലയിൽ സ്വയംപര്യാപ്തമാകുന്നതിനുള്ള നിർണായക നടപടിയിൽ ലിഥിയം-അയൺ ഹൈബ്രിഡ്ബാറ്ററി ഇലക്ട്രോഡുകളുടെ പ്രാദേശിക ഉൽപ്പാദനപദ്ധതിക്കും പ്രധാനമന്ത്രി തുടക്കം കുറിയ്ക്കും.

&&&&&&&&&&&&&&&&&&

## PM- SARDARDHAM

വികസിത ഭാരതത്തിലേക്കുള്ള പാത സ്വയം പര്യാപ്ത ഇന്ത്യയിലൂടെയേ സാധ്യമാകൂ എന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. അഹമ്മദാബാദിലെ സർദാർധാം ഫേസ്-II ഹോസ്റ്റലിന്റെ ഉദ്ഘാടന ചടങ്ങിൽ ഓൺലൈനായി

സംസാരിക്കുകയായിരുന്നു അദ്ദേഹം. യുവാക്കളെ ശാക്തീകരിക്കുന്നതിനും നൈപുണ്യ വൽക്കരിക്കുന്നതിനുമുള്ള കേന്ദ്ര സർക്കാരിന്റെ പ്രതിബദ്ധത പ്രധാനമന്ത്രി ആവർത്തിച്ചു.

&&&&&&&&&&&&&&&&&&

**VP – ELECTION**

ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിൽ നാമനിർദേശപത്രിക പിൻവലിക്കാനുള്ള സമയപരിധി ഇന്ന് അവസാനിക്കും. മഹാരാഷ്ട്ര ഗവർണർ സി.പി.രാധാകൃഷ്ണൻ എൻ ഡി എ സ്ഥാനാർത്ഥിയായും, മുൻ സുപ്രീം കോടതി ജഡ്ജി ബി സുദർശൻ റെഡ്ഡി I.N.D.I.A സ്ഥാനാർത്ഥിയായും മത്സരിക്കും. അടുത്ത മാസം 9 നാണ് വോട്ടെടുപ്പും വോട്ടെണ്ണലും.

&&&&&&&&&&&&&&&&&&

**SHEKHAWAT ( INTRO)**

സാംസ്കാരിക പുനരുജ്ജീവനത്തിന്റെ കാലഘട്ടത്തിലൂടെയാണ് രാജ്യം കടന്നുപോകുന്നതെന്ന് കേന്ദ്ര സാംസ്കാരിക, ടൂറിസം മന്ത്രി ഗജേന്ദ്ര സിങ് ശെഖാവത്. രാജ്യത്തെ പൗരന്മാർ സ്വയം നവീകരിച്ചു കൊണ്ട് രാഷ്ട്ര നവീകരണത്തിന്റെ ഭാഗമാകണമെന്നും ശ്രീ ശെഖാവത്ത് ന്യൂഡൽഹിയിൽ നടന്ന ഒരു പരിപാടിയിൽ പറഞ്ഞു.

( വോയിസ്...)

&&&&&&&&&&&&&&&&&&&

## L MURUGAN

കേന്ദ്രസഹമന്ത്രി എൽ മുരുഗൻ ഒരു ദിവസത്തെ സന്ദർശനത്തിനായി ഇന്ന് കേരളത്തിലെത്തും. കൊച്ചിയിൽ അദ്ദേഹം വിവിധ പരിപാടികളിൽ പങ്കെടുക്കും.

&&&&&&&&&&&&&&&&&&&

## GEORGE KURIAN

കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ നാലു ദിവസത്തെ സന്ദർശനത്തിനായി കേരളത്തിലെത്തി. ഇന്ന് കേന്ദ്രസഹമന്ത്രി എറണാകുളത്ത് വിവിധ പരിപാടികളിൽ പങ്കെടുക്കും.

&&&&&&&&&&&&&&&&&&&

## CM SUPPLYCO ONAM

കേരളത്തിൽ, സപ്ലൈകോ ഓണം ഫെയറിന്റെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് നിർവഹിക്കും. വൈകിട്ട് നാലിന് തിരുവനന്തപുരം കിഴക്കേകോട്ടയിലെ ഇ.കെ.നായനാർ പാർക്കിലാണു പരിപാടി. ഓണത്തിനായി രണ്ടര ലക്ഷത്തോളം ക്വിന്റൽ ഭക്ഷ്യധാന്യങ്ങൾ സപ്ലൈകോ സംഭരിച്ചിട്ടുണ്ട്. സബ്സിഡി അരിയ്ക്കു പുറമേ ഓണക്കാലത്ത് കാർഡൊന്നിന്, 20 കിലോ പച്ചരിയോ പുഴുക്കലരിയോ 25 രൂപ നിരക്കിൽ പ്രത്യേകമായി ലഭ്യമാക്കും.

&&&&&&&&&&&&&&&&&&&

## AMEOBIC MENINGOENCEPHALITIS

കേരളത്തിൽ ഒരാൾക്കുകൂടി അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ചു. വയനാട് സ്വദേശിയായ യുവാവിനാണ് പുതുതായി രോഗം സ്ഥിരീകരിച്ചത്. ഇതോടെ നിലവിൽ മെഡിക്കൽ കോളെജിൽ ചികിൽസയിലുള്ളവരുടെ എണ്ണം എട്ടായി. രോഗ ഉറവിടം കണ്ടെത്താനുള്ള ആരോഗ്യവകുപ്പിന്റെ ശ്രമങ്ങൾ തുടരുകയാണ്.

&&&&&&&&&&&&&&&&&&&

## EYE DONATION

ദേശീയ നേത്രദാന പക്ഷാചരണത്തിന് ഇന്ന് തുടക്കമാകും. നേത്രദാനത്തിൻറെ പ്രാധാന്യം ജനങ്ങളിൽ എത്തിക്കാനും, അതുമായി ബന്ധപ്പെട്ട തെറ്റിദ്ധാരണകൾ മാറ്റാനും, മരണാനന്തരം കണ്ണുകൾ ദാനം ചെയ്യാൻ ആളുകളെ പ്രോത്സാഹിപ്പിക്കാനും ലക്ഷ്യമിട്ടാണ് നേത്രദാന പക്ഷാചരണം സംഘടിപ്പിക്കുന്നത്. എല്ലാവർഷവും ഓഗസ്റ്റ് 25 മുതൽ സെപ്റ്റംബർ എട്ട് വരെയാണ് പരിപാടി സംഘടിപ്പിക്കുന്നത്.

&&&&&&&&&&&&&&&&&&&

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ

റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 31 ന് രാവിലെ 11 മണിക്ക്. മൻ കി ബാത്തിന്റെ 125-ാാം പതിപ്പാണിത്. പരിപാടിയിലേക്കുള്ള ആശയങ്ങളും, അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾഫ്രീ നമ്പരിലൂടെയും, നരേന്ദ്രമോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും ഈ മാസം 29 വരെ പങ്കുവയ്ക്കാം.

&&&&&&&&&&&&&&&&&&

**IMD**

രാജ്യത്തെ വടക്കു പടിഞ്ഞാറൻ മേഖലയിൽ അടുത്ത രണ്ട് ദിവസം അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഗുജറാത്ത്, ഒഡീഷ, രാജസ്ഥാൻ, ഉത്താരാഖണ്ഡ് എന്നിവിടങ്ങളിലെ ഒറ്റപ്പെട്ട ഇടങ്ങളിൽ ഇന്നും നാളെയും കനത്ത മഴയ്ക്ക് സാധ്യത. ബിഹാർ, ഛത്തീസ്ഗഡ്, തീരദേശ ആന്ധ്രാ പ്രദേശ്, ഹിമാചൽ പ്രദേശ്, ജമ്മുകശ്മീർ എന്നിവിടങ്ങളിലും സമാന കാലാവസ്ഥ അനുഭവപ്പെടും. കേരളത്തിലും ഒറ്റപ്പെട്ടയിടങ്ങളിൽ മഴയ്ക്ക് സാധ്യതയുണ്ട്.

&&&&&&&&&&&&&&&&&&

**EVE BIHAR FLASH FLOOD**

ബിഹാറിൽ നദികളിൽ ജലനിരപ്പ് കുറഞ്ഞതിനെ തുടർന്ന് വിവിധ പ്രദേശങ്ങളിലുണ്ടായ വെള്ളപ്പൊക്കത്തിന് നേരിയ ശമനം. നളന്ദ, ജെഹനാബാദ് ജില്ലകളിലെ സ്ഥിതി മെച്ചപ്പെട്ടു. ദുരിതാശ്വാസ പ്രവർത്തനങ്ങൾ തുടരുകയാണ്.

അതേസമയം, നദീതീരങ്ങളിൽ താമസിച്ചിരുന്നവർ വീടുകളിലേക്ക് മടങ്ങരുതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

**MANDAVIYA INDIA SPORTS-INTRO**

2047ഓടെ കായിക മേഖലയിൽ ലോകത്തെ ആദ്യ അഞ്ച് രാജ്യങ്ങളിൽ ഒന്നാകാനാണ് ഇന്ത്യ ലക്ഷ്യമിടുന്നതെന്ന് കേന്ദ്രമന്ത്രി മൻസൂഖ് മാണ്ഡവ്യ. അഹമ്മദാബാദിൽ നടക്കുന്ന കോമൺവെൽത്ത് ഭാരോദ്വഹന ചാമ്പ്യൻഷിപ്പിൻറെ ഉദ്ഘാടന ചടങ്ങിൽ സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി. കായിക മേഖലയുടെ വികസനത്തിനായി രാജ്യത്ത് നിരവധി നടപടികൾ സ്വീകരിച്ചതായും മികച്ച കായികാന്തരീക്ഷം സൃഷ്ടിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും ശ്രീ മാണ്ഡവ്യ പറഞ്ഞു.

(ഹോൾഡ് വോയ്സ്........)

&&&&&&&&&&&&&&&&&&

**ARCHERY**

കാനഡയിൽ നടക്കുന്ന ലോക യൂത്ത് ആർച്ചറി ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ ഷർവാരി സോമനാഥ് ഷെൻഡെയ്ക്ക് സ്വർണം. Under 18 വനിതാ റീകർവ് വിഭാഗത്തിൽ ദക്ഷിണ കൊറിയൻ താരത്തെ പരാജയപ്പെടുത്തിയാണ് പതിനാറുകാരിയായ ഷർവാരി

ഒന്നാമതെത്തിയത്. ടൂർണമെന്റിൽ സ്വർണം നേടുന്ന രണ്ടാമത്തെ ഇന്ത്യൻ താരമാണ് ഷർവാരി.

&&&&&&&&&&&&&&&&&&

## PM- MOHAN PRATAP

ശ്രീരാമ ജന്മഭൂമി തീർത്ഥ ക്ഷേത്ര ട്രസ്റ്റ് അംഗവും രാജ്സദൻ അയോധ്യയുടെ മേധാവിയുമായ വിമലേന്ദ്ര മോഹൻ പ്രതാപ് മിശ്രയുടെ നിര്യാണത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അനുശോചനം രേഖപ്പെടുത്തി. മതപരവും സാമൂഹികവുമായ സേവനത്തിനായുള്ള മിശ്രയുടെ സമർപ്പണത്തെ പ്രധാനമന്ത്രി അനുസ്മരിച്ചു.

&&&&&&&&&&&&&&&&&&

## US VP INDIA TARIFF

യുക്രൈന് മേലുള്ള ആക്രമണം അവസാനിപ്പിക്കാൻ റഷ്യയെ പ്രേരിപ്പിക്കുന്നതിനായാണ് ഇന്ത്യയിൽ പ്രസിഡന്റ് ഡോണൾഡ് ട്രംപ് താരിഫ് വർധന ഏർപ്പെടുത്തിയതെന്ന് യുഎസ് വൈസ് പ്രസിഡന്റ് ജെ ഡി വാൻസ്. റഷ്യയുടെ എണ്ണ സമ്പദ്വ്യവസ്ഥയിൽ വലിയ തിരിച്ചടി നൽകാൻ നടപടി കാരണമാകുമെന്ന് ഒരു വാർത്താ ചാനലിന് നൽകിയ പ്രത്യേക അഭിമുഖത്തിൽ അദ്ദേഹം പറഞ്ഞു. യുഎസിന്റെ മധ്യസ്ഥതയിൽ റഷ്യയും യുക്രൈനും തമ്മിലുള്ള യുദ്ധം അവസാനിപ്പിക്കാൻ കഴിഞ്ഞേക്കുമെന്ന് വാൻസ് ആത്മവിശ്വാസം പ്രകടിപ്പിച്ചു.

&&&&&&&&&&&&&&&&&&

**INDIAN AMBASSADOR – OIL**

രാജ്യത്തെ പൗരന്മാർക്ക് വിശ്വസനീയമായ ഇന്ധന വിതരണം ഉറപ്പാക്കുകയാണ് ഇന്ത്യയുടെ ഊർജ്ജ നയം ലക്ഷ്യമിടുന്നതെന്ന് റഷ്യയിലെ ഇന്ത്യൻ അംബാസഡർ വിനയ് കുമാർ. മികച്ച കരാർ ലഭിക്കുന്നിടത്ത് നിന്ന് എണ്ണ ഇറക്കുമതി തുടരുമെന്നും ദേശീയ താൽപ്പര്യം സംരക്ഷിക്കുന്നതിനു മുൻഗണന നൽകുമെന്നും ശ്രീ വിനയ് കുമാർ പറഞ്ഞു.

&&&&&&&&&&&&&&&&&&

**ISRO–GAGANYAN**

മനുഷ്യനെ ബഹിരാകാശത്ത് എത്തിക്കാനുള്ള ഇന്ത്യയുടെ ഗഗൻയാൻ ദൗത്യത്തിൻറെ ഭാഗമായി, ഇന്റഗ്രേറ്റഡ് എയർ ഡ്രോപ് ടെസ്റ്റ് എന്നറിയപ്പെടുന്ന പാരച്യൂട്ടിൻറെ പ്രവർത്തന പരീക്ഷണം ഇന്നലെ നടന്നു. ശ്രീഹരിക്കോട്ടയിലായിരുന്നു പരീക്ഷണം. ബഹിരാകാശയാത്രികരെ സുരക്ഷിതരായി സമുദ്രോപരിതലത്തിൽ ഇറക്കുന്നതിനുള്ള സംവിധാനങ്ങളുടെ നിർണായക പരീക്ഷണമാണ് നടന്നത്.

&&&&&&&&&&&&&&&&&&

**SUBHANSHU – LUCKNOW**

വ്യോമസേനാ ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാൻശു ശുക്ല ഇന്ന് ഉത്തർപ്രദേശിലെ ലഖ്നൗവിലെത്തും. അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലെ ചരിത്ര ദൗത്യം പൂർത്തിയാക്കിയ ശേഷം ജന്മനാട്ടിലെത്തുന്ന ശുക്ലയ്ക്ക് ഇന്ന്

ഊഷ്മള സ്വീകരണം നൽകും. വിമാനത്താവളം മുതൽ ഗോമതി നഗർ വരെ നടക്കുന്ന വിക്ടറി പരേഡിൽ 63,000 വിദ്യാർത്ഥികൾ പങ്കെടുക്കും.

&&&&&&&&&&&&&&&&&&

**ISRAEL-GAZA OFFENSIVE**

ഗാസയിൽ ആക്രമണം തുടർന്ന് ഇസ്രയേൽ. ഹമാസിനെ പരാജയപ്പെടുത്താൻ പ്രതിരോധ സേനാ നടപടികൾ ശക്തമായി തുടരുമെന്ന് ഇസ്രയേലി പ്രതിരോധ മന്ത്രി അറിയിച്ചു. ഇസ്രായേൽ മുന്നോട്ടു വച്ച വ്യവസ്ഥകൾക്ക് വിധേയമായി യുദ്ധം അവസാനിപ്പിക്കാൻ ഹമാസ് തയ്യാറായില്ലെങ്കിൽ ഗാസയിൽ ആക്രമണം തുടരുമെന്ന് നേരത്തെയും അദ്ദേഹം വ്യക്തമാക്കിയിരുന്നു.

&&&&&&&&&&&&&&&&&&

**SA PRESIDENT-EUROPEAN LEADERS**

റഷ്യ - യുക്രൈൻ സമാധാന ശ്രമങ്ങളെക്കുറിച്ച് ചർച്ച ചെയ്യാൻ ദക്ഷിണാഫ്രിക്കൻ പ്രസിഡന്റ് സിറിൽ റമാഫോസ യൂറോപ്യൻ നേതാക്കളുമായി ടെലിഫോൺ സംഭാഷണം നടത്തി. യുക്രൈൻ പ്രസിഡന്റ് സെലെൻസ്കിയുമായും, ഫ്രഞ്ച് - ഫിന്നിഷ് പ്രസിഡന്റുമാരുമായും സംസാരിച്ചു. സമാധാനത്തിനായുള്ള പ്രവർത്തനങ്ങൾ ശക്തമാക്കാൻ ദക്ഷിണാഫ്രിക്കൻ പ്രസിഡന്റ് അഭ്യർത്ഥിച്ചു.

&&&&&&&&&&&&&&&&&&

## TYPHOON KAJIKI

വിയറ്റ്നാമിൽ കജിക്കി ചുഴലിക്കാറ്റ് കൂടുതൽ ശക്തി പ്രാപിക്കുമെന്ന് കാലാവസ്ഥാ നിരീക്ഷകർ. മണിക്കൂറിൽ 200 കിലോമീറ്റർ വരെ വേഗതയിൽ കാറ്റിനും ശക്തമായ മഴയ്ക്കും സാധ്യതയുണ്ടെന്ന് കാലാവസ്ഥ കേന്ദ്രം അറിയിച്ചു. ഇതേ തുടർന്ന് വിവിധ പ്രദേശങ്ങളിൽ നിന്ന് അഞ്ചു ലക്ഷത്തിലധികം ജനങ്ങളെ മാറ്റി പാർപ്പിക്കാൻ സർക്കാർ ഉത്തരവിട്ടു. ഇന്നലെയും ഇന്നുമായി 22 വിമാന സർവീസുകൾ വിയറ്റ്നാം എയർലൈൻസ് റദ്ദാക്കി.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&